# പ്രാർത്ഥനാ ചരട്

## (Prayer Rope) *Kombskini

## ഫാ. ജോൺ കുര്യാക്കോസ്,

പരമ ജ്ഞാനത്തിലേക്കുള്ള യാത്ര ആരംഭിക്കുന്നത് മനസ്സിന്റെ നിയന്ത്രണത്തിലൂടെയാണ്. മനസ്സിനെ നിയന്ത്രിക്കാൻ ശ്വാസനിയന്ത്രണം, ധ്യാനം, പ്രാർത്ഥന, മന്ത്രജപം, ആഹാരനിയന്ത്രണം എന്നിങ്ങനെ വിവിധ മാർഗ്ഗങ്ങളുണ്ട്. ധ്യാനവും പ്രാർത്ഥനയും ഏകാഗ്രത കിട്ടാൻ നല്ലതാണ്. മന്ത്രോച്ചാരണം മനസ്സിനെ നിരന്തരമായി ഉച്ചരിക്കപ്പെടുന്ന നാമത്തിലും; പ്രാർത്ഥന മനസ്സിനെ നിരന്തരമായി സങ്കൽപ്പിക്കുന്ന രൂപത്തിലും കേന്ദ്രീകരിക്കാൻ സാധിയ്ക്കും. ഇത്തരത്തിൽ ഏകാഗ്രമായി മനസ്സിനെ നിയന്ത്രിക്കാൻ വിശ്വാസികൾ ഉപയോഗിക്കുന്ന ഒന്നാണ് പ്രാർത്ഥനാ ചരട്.

ഭാരതത്തിലെ എല്ലാ മതങ്ങളിലും തങ്ങളുടെ പ്രാർത്ഥനയ്ക്ക് വിവിധങ്ങളായ പ്രാർത്ഥനാ ചരടുകൾ ഉപയോഗിക്കുന്നു. ഹൈന്ദവരും ബുദ്ധന്മാരും 108 മുത്തുകളുള്ള ജപമാലയാണ് ഉപയോഗിക്കുന്നത്. ഇവ രുദ്രാക്ഷം, തുളസി, ചന്ദനം തുടങ്ങിയ കൊണ്ട് നിർമ്മിക്കുന്നു.

ഇസ്ലാം മതത്തിൽ 99 മുത്തുകളുള്ള തസ്ബി അല്ലെങ്കിൽ സുബ ഉപയോഗിക്കുന്നു. അള്ളാഹുവിന്റെ 99 നാമങ്ങളാണ് അവർ ഉരുവിടുന്നത്.

സുബ്ഹാനള്ളാ (33 പ്രാവശ്യം) അൽഹംദിലില്ല (33 പ്രാവശ്യം) അള്ളാഹു അക്ബർ

(33 പ്രാവശ്യം) ഇപ്പോൾ തസ്ബി ഇലക്ട്രോണിക്സ് രൂപത്തിലും ലഭ്യമാണ്.

ഭാരത ക്രൈസ്തവ സമൂഹത്തിൽ പ്രധാനമായും നാം കാണുന്നത് കൊന്തയാണ്. അത് സുലഭമായി നമുക്ക് ലഭിക്കുന്നു. 59 മുത്തുകളാണ് ഇതിനുള്ളത്. എന്നാൽ ഭാരതത്തിലെ ഓർത്തഡോക്സ് സഭകളിൽ ഇന്നും ഈ പ്രാർത്ഥനാ ചരടുകൾ വളരെ വിരളമായി മാത്രമേ പ്രചാരത്തിൽ വന്നിട്ടുള്ളൂ. കമ്പിളിയുടെയോ, പട്ടിന്റെയോ നൂലുകൾ കൊണ്ട് വൃത്താകൃതിയിൽ ചില പ്രത്യേക കെട്ടുകളാൽ കൂട്ടിച്ചേർത്താണ് ഈ പ്രാർത്ഥനാ ചരടുകൾ നിർമ്മിക്കുന്നത്.

കിഴക്കൻ സഭകളിലെ സന്ന്യാസാശ്രമങ്ങളിൽ അവരുടെ ദൈനംദിന ജീവിതത്തിൽ ഒഴിച്ചുകൂടാനാവാത്തതും, ആത്മീയ ജീവിതത്തെ ശക്തിപ്പെടുത്തുന്നതിന് സഹായകരമായ ഒന്നാണ് ഈ പ്രാർത്ഥനാ ചരടുകൾ. ഇതിന്റെ ഉത്ഭവവും സന്ന്യാസാശ്രമങ്ങളിലാണ്. ഈജിപ്റ്റിലെ മിക്ക ആശ്രമങ്ങളിലും ഇവ ഉപയോഗിക്കുക പതിവാണ്. ഈ ആശ്രമങ്ങളിലെ

അക്ഷരജ്ഞാനമുള്ളവർ ദിവസവും 150 സങ്കീർത്തനങ്ങളും വായിക്കുകയും മറ്റുള്ളവർ യേശു നാമ പ്രാർത്ഥന ഈ പ്രാർത്ഥനാ ചരടിന്റെ സഹായത്താൽ നടത്തുകയും ചെയ്തിരുന്നു. അതു പോലെ തന്നെ പുസ്തകത്തിന്റെ ലഭ്യത കുറവായതിനാൽ ഈ ചരടിന്റെ സഹായത്താൽ സ്വന്ത മായ പ്രാർത്ഥനകൾ ചിട്ടയായി നടത്തിപ്പോന്നു. ഇന്ന് നാം ഉപയോഗിക്കുന്ന ഈ പ്രാർത്ഥനാ ചരടിന്റെ ഓരോ കെട്ടുകളും നെയ്തത് സന്യാസികളുടെ പിതാവായ വി. അന്തോണിയോസ് ആണെന്ന് പറയപ്പെടുന്നു. അദ്ദേഹത്തിന്റെ ഓരോ പ്രാർത്ഥന കഴിയുമ്പോഴും തന്റെ കൈയ്യിലെ ചരടിൽ ഓരോ കെട്ടുകൾ ഇടും. എന്നാൽ രാത്രിയിൽ സാത്താൻ വന്ന് ഈ കെട്ടുകൾ അഴിച്ചു കളയുകയും ചെയ്തിരുന്നു. ദു:ഖിതനായ വി. അന്തോണിയോസിന് മാലാഖ പ്രത്യക്ഷപ്പെട്ട് ഒരു പ്രത്യേക തരത്തിൽ ഏഴ് കുരിശുകൾ വീതമുള്ള മുത്തുകൾ നിർമ്മിക്കുവാൻ പഠിപ്പിച്ചു. സ്ലീബായുടെ അടയാളം ഈ മുത്തിൽ ഉള്ളതിനാൽ സാത്താൻ വി. അന്തോണിയോസിന്റെ പ്രാർത്ഥനയെ തടസ്സപ്പെടുത്തിയില്ല. യഥാർത്ഥ വിശ്വാസവും തികഞ്ഞ ഭക്തിയുമുള്ള ഒരാൾ യേശുനാമ പ്രാർത്ഥന ഉരുവിട്ടുകൊണ്ട് വളരെ ക്ഷമയോടെ മാത്രമാണ് സങ്കീർണ്ണമായ മുത്തു കൾ നിർമ്മിക്കുന്നത്. ഇത് മാതാവിന്റെ കണ്ണീർതുള്ളികളാണെന്ന് ചില പാരമ്പര്യങ്ങളിൽ കാണുന്നു.

ഈ പ്രാർത്ഥന ചരടുകളിൽ 33, 50, 100, 150, 300, എന്നിങ്ങനെ മുത്തുകൾ ഉള്ളവയാണ്. ഈ ചരടിലെ കുരിശിന്റെ അഗ്രത്തുള്ള തൊങ്ങൽ (Tassle); പ്രാർത്ഥനയിൽ ആത്മാർത്ഥമായ അനുതാപത്താൽ ഉണ്ടാകുന്ന കണ്ണുനീർ തുടയ്ക്കുന്നതിനുവേണ്ടിയാണ് പ്രധാനമായും 2 നിറ ങ്ങളിലാണ് പ്രാർത്ഥനാ ചരടുകൾ നിർമ്മിക്കപ്പെട്ടിരുന്നത്. കറുപ്പ് - ഒരുവന്റെ പാപാവസ്ഥയെ കാണിക്കുന്നു, ചുവപ്പ് - നമ്മുടെ കർത്താവിന്റെയും രക്തസാക്ഷികളുടെയും രക്തത്തെ സൂചി പ്പിക്കുന്നു.

ഈ പ്രാർത്ഥനാ ചരട് ഇടത് കൈയ്യിലാണ് പിടിക്കേണ്ടത്. കാരണം വലതു കൈകൊണ്ട് കുരിശു വരയ്ക്കുവാൻ. ഈ പ്രാർത്ഥനാ ചരട് കഴുത്തിൽ ധരിയ്ക്കുന്ന പാരമ്പര്യം കാണുന്നി ല്ല. ഇത് പ്രകടനാത്മകമായ തരത്തിൽ ഉപയോഗിക്കരുതെന്നും പറയപ്പെടുന്നു.

“യേശുവേ ദൈവപുത്രാ പാപിയായ എന്നോട് കരുണ ചെയ്യണമേ” എന്ന യേശുനാമ പ്രാർത്ഥന തിന്മയെ ജയിപ്പാനും ആത്മാവിനെ ശക്തിപ്പെടുത്താനും ഉതകുമാറാകട്ടെ.